പതിമൂന്നാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 228 26.9.2011 ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവിലയും ഇഷ്ടദാന ആധാര പ്രശ്നങ്ങളും

ചോദ്യം

ശ്രീ.മോൻസ് ജോസഫ്
ശ്രീ.റ്റി.യു.കുരുവിള

ഉത്തരം

ശ്രീ. ടി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂമിയുടെ ന്യായവില സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനു വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) ന്യായവില സംബന്ധമായ പരാതികൾ പരിഹരിക്കുന്ന കാര്യം സർക്കാരിന്റെ നൂറുദിനപരിപാടിയിൽ ഉൾപ്പെടുത്തുകയും, രജിസ്ട്രേഷൻ വകുപ്പു മന്ത്രിയുടെ 31.5.2011 ലെ യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഫെയർവാല്യൂ സംബന്ധിച്ച് പരിഹരിക്കപ്പെടാതെയുള്ള അപ്പീലുകൾ അദാലത്തുകൾ നടത്തി സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാനും, ഭൂവുടമകൾക്ക് ഇനിയും പരാതികൾ ഉള്ളപക്ഷം, അതുസംബന്ധിച്ച അപ്പീൽ, വില്ലേജ്/താലൂക്ക്/റവന്യൂ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ, പരമാവധി 30 ദിവസത്തിനകം, തീർപ്പുകൽപ്പിക്കാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ന്യായവില പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തവണത്തെ ബഡ്ജറ്റിലെ ഇഷ്ടദാന ആധാരങ്ങൾ സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഉദ്ദേശിച്ചുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (ബി) 1959 ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള, കേരള ഫിനാൻസ് ബിൽ, 2011 (13-ാമത് കേരള നിയമസഭ, ബിൽ നമ്പർ 20) 19.7.2011 തീയതിയിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ, ഒരു കുടുംബത്തിൽ പിതാവോ മാതാവോ, തങ്ങളുടെ മക്കൾക്കോ അവരുടെ മക്കൾക്കോ നൽകുന്ന ദാനാധാരങ്ങൾ, അപ്രകാരം അവർ നടത്തുന്ന ധനനിശ്ചയാധാരങ്ങൾ, കുടുബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗഉടമ്പടികൾ എന്നിവയുടെ പ്രമാണ രജിസ്ട്രേഷന് 1000/- രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി നൽകിയാൽ മതിയാകുന്നതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഇതിന്മേൽ സ്വീകരിച്ചിരിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) 2011 ലെ ഫിനാൻസ് ബിൽ മുഖേന, 19.7.2011 മുതൽക്ക്, കുടുംബാംഗങ്ങൾക്കിടയിലുള്ള ദാനത്തിന് മുദ്രസല, ന്യായവിലയുടെ 2% എന്നത് പരമാവധി 1000/- രൂപയായും, ഒഴിമുറിക്ക് 1% എന്നത് പരമാവധി 1000/- രൂപയായും ഭാഗപത്രത്തിന് 1% എന്നത് പരമാവധി 1000/- രൂപയായും ധനനിശ്ചയത്തിന് 2% എന്നത് പരമാവധി 1000/- രൂപയായും കുറവു ചെയ്ത് നടപ്പിൽവരുത്തിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻഓഫീസർ